# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** | പ്രധാനവാർത്തകൾ | **DATE: 26.08.2026**

1. നന്മയും സമൃദ്ധിയും നിറഞ്ഞ നല്ല നാളുകളുടെ ഓർമ്മകൾ പുതുക്കി തിരുവോണം ആഘോഷിച്ച് ലോകമെമ്പാടുമുള്ള മലയാളികൾ.

2. ഖേലോ ഇന്ത്യ ഡയലോഗിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ വീഡിയോ കോൺഫറൻസിലൂടെ അഭിസംബോധന ചെയ്യും.

3. നേപ്പാളിൽ മിന്നൽ പ്രളയം; കാണാതായവരിൽ 100-ലധികം ഇന്ത്യക്കാരും; എല്ലാ സഹായവും വാഗ്ദാനം ചെയ്ത് ഇന്ത്യ.

4. രാജ്യത്ത് എച്ച്1എൻ1 രോഗബാധ വർധിക്കുന്ന സാഹചര്യത്തിൽ ജാഗ്രതാ നിർദേശവുമായി **IMA.**

5. സംസ്ഥാനത്ത് വിവിധ ജില്ലകളിൽ മഴ മുന്നറിയിപ്പ് തുടരുന്നു; കേരളം-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

6. ഇന്ത്യയ്ക്കെതിരായ രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ ഫോളോ ഓൺ ചെയ്ത ശ്രീലങ്കയ്ക്ക് ആറ് വിക്കറ്റ് നഷ്ടം.

***************************************

RNU TVPM

## തിരുവോണം

നന്മയും സമൃദ്ധിയും നിറഞ്ഞ നല്ല നാളുകളുടെ ഓർമ്മകൾ പുതുക്കി തിരുവോണം ആഘോഷിച്ച് ലോകമെമ്പാടുമുള്ള മലയാളികൾ. പഴമയുടെ തനിമയും പുതുമയുടെ നിറവും ചേർത്ത് സന്തോഷത്തിന്റെയും ഐശ്വര്യത്തിന്റെയും തിരുവോണത്തെ മലയാളികൾ വരവേറ്റു. കുടുംബാംഗങ്ങളുടെയും സുഹൃത്തുക്കളുടെയും ഒത്തുചേരലിനും തിരുവോണം അവസരമൊരുക്കി. സംസ്ഥാനമെമ്പാടും വിപുലമായ ഓണാഘോഷങ്ങൾ നടക്കുമ്പോൾ പ്രധാന നഗരങ്ങളും ഗ്രാമങ്ങളും ഒരേപോലെ ആഘോഷത്തിമിർപ്പിലാണ്. വിഭവസമൃദ്ധമായ ഓണസദ്യയ്ക്കുശേഷം ബന്ധുക്കളുടെ വീടുകൾ സന്ദർശിച്ചും ഓണത്തിന്റെ സന്തോഷം പങ്കുവെച്ചുമാണ് മലയാളികൾ തിരുവോണം കെങ്കേമമാക്കുന്നത്.

******************************

## തൃക്കാക്കര

RNU TVPM

പ്രസിദ്ധമായ തൃക്കാക്കര തിരുവാമനമൂർത്തി ക്ഷേത്രത്തിൽ പത്തുദിവസമായി നടന്നുവരുന്ന തിരുവോണ മഹോത്സവത്തിന് ഇന്ന് സമാപനം. 9 ആനകളുടെ അകമ്പടിയോടെയുള്ള ആറാട്ടെഴുന്നള്ളിപ്പ് ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. രാത്രി 11:00-ന് എതിരേൽപ്പ് നടക്കും. തുടർന്ന് വർണ്ണാഭമായ വെടിക്കെട്ടോടെ ഉത്സവം കൊടിയിറങ്ങും.

******************************

## തിരുവനന്തപുരം - ഓണം (ഇൻട്രോ)

സദ്യയും നാടൻ കളികളുമായി തിരുവോണത്തെ ആഘോഷമാക്കി മാറ്റി തിരുവനന്തപുരം നിവാസികൾ.

ഗ്രാമങ്ങളിലെ ക്ലബ്ബുകളിലെയും മറ്റും ഓണാഘോഷമാണ് ഏറ്റവും ശ്രദ്ധേയമായത്.

**വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്....**

(വോയിസ്)

******************************

**മലപ്പുറം - ജില്ലാതല ഓണാഘോഷം**

മലപ്പുറം ജില്ലാതല ഓണാഘോഷം മന്ത്രി പി.കെ കുഞ്ഞാലിക്കുട്ടി കോട്ടക്കുന്ന് ടൂറിസം പാർക്കിൽ ഇന്ന് ഉദ്ഘാടനം ചെയ്യും. വൈകുന്നേരം നടക്കുന്ന ചടങ്ങിൽ വിവിധ കലാ-സാംസ്കാരിക പരിപാടികൾ അരങ്ങേറും. മന്ത്രിമാരായ പി.കെ. ബഷീർ, എ. പി. അനിൽകുമാർ, കെ. എം. ഷാജി എന്നിവർ പങ്കെടുക്കും. ഈ മാസം 30 വരെയാണ് പരിപാടി.

RNU TVPM

******************************

**കോഴിക്കോട് - ഓണം (ഇൻട്രോ)**

സംസ്ഥാന വിനോദസഞ്ചാര വകുപ്പ്, ഡി.ടി.പി.സി, കോഴിക്കോട് ജില്ലാ ഭരണകൂടം എന്നിവയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ജില്ലാതല ഓണാഘോഷത്തിന്റെ ഭാഗമായി ജില്ലയുടെ സാംസ്കാരിക തനിമയും കലാപെരുമയുമെല്ലാം കോർത്തിണക്കിയാണ് ഇത്തവണത്തെ ഓണാഘോഷ പരിപാടികൾ.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു...**

(വോയിസ്)

*****************************

## ഖേലോ ഇന്ത്യ

ഖേലോ ഇന്ത്യ ഡയലോഗിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ വീഡിയോ കോൺഫറൻസിലൂടെ അഭിസംബോധന ചെയ്യും. 2026 ലെ ദേശീയ കായിക ദിനാഘോഷങ്ങളുടെ ഭാഗമായി മേരാ യുവ ഭാരത് ആണ് പരിപാടി സംഘടിപ്പിക്കുന്നത്. രാജ്യമെമ്പാടും ഓരോ ജില്ലയിലെ രണ്ട് കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികൾ പങ്കെടുക്കും.

*****************************

## മൻ കീ ബാത്ത്

പ്രധാനമന്ത്രി നരേന്ദ്ര മോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്തി'ന്റെ 137-ാം പതിപ്പ് ഈ മാസം 30-ന്. പരിപാടിയിലേക്കുള്ള ആശയങ്ങളും നിർദേശങ്ങളും NaMo App, MyGov എന്നിവയിലൂടെയും 1800-11-7800 എന്ന ടോൾ ഫ്രീ നമ്പറിലൂടെയും ഈ മാസം 28 വരെ പങ്കുവയ്ക്കാം.

RNUTVPM

*****************************

## മിന്നൽപ്രളയം

നേപ്പാളിൽ വ്യാപക നാശം വിതച്ച മിന്നൽ പ്രളയത്തെ തുടർന്ന് നേപ്പാൾ പ്രധാനമന്ത്രി ബാലേന്ദ്ര ഷായുമായി സംസാരിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. പ്രളയത്തിൽ നിരവധി ജീവനുകൾ നഷ്ടപ്പെട്ടതിൽ ശ്രീ മോദി അനുശോചനം അറിയിച്ചു. നേപ്പാളിന് സാധ്യമായ എല്ലാ മാനുഷിക സഹായങ്ങളും നൽകാൻ ഇന്ത്യ സന്നദ്ധമാണെന്നും

പ്രധാനമന്ത്രി അറിയിച്ചു. കോശി നദി കരകവിഞ്ഞുണ്ടായ മിന്നൽ പ്രളയത്തിലാണ് വടക്കൻ നേപ്പാളിൽ വ്യാപക നാശനഷ്ടങ്ങൾ സംഭവിച്ചത്. 9 മരണം സ്ഥിരീകരിച്ചു. 105 ഇന്ത്യക്കാരടക്കം 400 ഓളം പേരെ കാണാതായി. പ്രളയ സാഹചര്യത്തെ നേരിടാൻ യു.പി., ബിഹാർ സർക്കാരുകൾ മുന്നൊരുക്കങ്ങൾ ആരംഭിച്ചു.

******************************

## മുഖ്യമന്ത്രി - മിന്നൽ പ്രളയം

നേപ്പാളിലെ സാഹചര്യങ്ങൾ നിരീഷിച്ചു വരികയാണെന്ന് സംസ്ഥാന സർക്കാർ. നേപ്പാളിലുള്ള മലയാളികളെ ബന്ധപ്പെടാൻ സാധിക്കുന്നില്ലെങ്കിൽ അക്കാര്യം മുഖ്യമന്ത്രിയുടെ ഓഫീസിനെ അറിയിക്കേണ്ടതാണ്. ബന്ധപ്പെടേണ്ട നമ്പറുകൾ 9447111844 അല്ലെങ്കിൽ 9747132147.

RNU TVPM

******************************

## ഇൻഫ്ലുവൻസ - H1 N1

മൺസൂൺ കാലത്ത് രാജ്യത്ത് എച്ച്1എൻ1 രോഗബാധ വർധിക്കുന്ന സാഹചര്യത്തിൽ ജാഗ്രതാ നിർദേശവുമായി ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ. വൈറസിന് പുതിയ വകഭേദങ്ങളൊന്നും സംഭവിച്ചിട്ടില്ലെന്നും ഭയപ്പെടേണ്ട സാഹചര്യമില്ലെന്നും രോഗലക്ഷണങ്ങൾ മിക്കവരിലും തനിയെ മാറുന്നതാണെന്നും ഐ.എം.എ വ്യക്തമാക്കി. വൈറസ് രോഗമായതിനാൽ സ്വയം ചികിത്സ പാടില്ലെന്നും മുന്നറിയിപ്പുണ്ട്.

******************************

## മഴ

സംസ്ഥാനത്ത് ശക്തമായ മഴ തുടരുമെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിൽ ഇന്ന് അതിശക്തമായ മഴയ്ക്കുള്ള ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കണ്ണൂർ, കാസർഗോഡ് ജില്ലകളിലും ലക്ഷദ്വീപിലും ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരളം-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് ഇന്ന് വിലക്ക് ഏർപ്പെടുത്തി.

*****************************

## ടെസ്റ്റ് ക്രിക്കറ്റ്

ഇന്ത്യയെക്കതിരായുള്ള രണ്ടാം ടെസ്റ്റ് ക്രിക്കറ്റിൽ നാലാം ദിനം കളി അവസാനിക്കുമ്പോൾ ശ്രീലങ്ക രണ്ടാം ഇന്നിംങ്സിൽ ആറ് വിക്കറ്റ് നഷ്ടത്തിൽ 229 റണ്ണെന്ന നിലയിൽ. നിലവിൽ 16 റൺസ് ലീഡാണ് ശ്രീലങ്കയ്ക്കുള്ളത്. നേരത്തെ ശ്രീലങ്കയുടെ ഒന്നാം ഇന്നിംങ്സ് 290 റൺസിൽ അവസാനിച്ചിരുന്നു.

RNU TVPM

*****************************

## ശിവഗിരി

ശ്രീനാരായണഗുരു ജയന്തി ആഘോഷങ്ങൾക്ക് ഒരുക്കങ്ങൾ പൂർത്തിയായി. ജയന്തിദിന സമ്മേളനം മറ്റെന്നാൾ സ്പീക്കർ തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. ശ്രീ നാരായണ ധർമ സംഘം ട്രസ്റ്റ് പ്രസിഡന്റ് സ്വാമി സച്ചിദാനന്ദ അധ്യക്ഷത വഹിക്കും.

*****************************

## പാലക്കാട് റെയിൽവേ ഡിവിഷൻ

പാലക്കാട് റെയിൽവേ ഡിവിഷൻ വിഭജനത്തിൽ പ്രതിഷേധവുമായി യുഡിഎഫ്. മലബാറിലെ യുഡിഎഫ്

എംപിമാർ ഇന്ന് നിരാഹാരമനുഷ്ഠിച്ചു. പാലക്കാട് റെയിൽവെ ഡിവിഷനിൽ നിന്നും മംഗലുരു സ്റ്റേഷൻ ഉൾപ്പെടെയുള്ള ഭാഗങ്ങൾ മൈസൂരു ഡിവിഷനിലേക്ക് മാറ്റാനുള്ള റെയിൽവേ ബോർഡിന്റെ തീരുമാനം പുനഃപരിശോധിക്കണമെന്നാണ് ആവശ്യം.

******************************

## ദേശീയപാത

കണ്ണൂർ എളയാവൂരിൽ ദേശീയപാത 66 ന്റെ മണ്ണിടിഞ്ഞ ഭാഗം പ്രതിപക്ഷ നേതാവ് പിണറായി വിജയൻ സന്ദർശിച്ചു. പ്രദേശം പരിശോധിച്ചതിനുശേഷം അദ്ദേഹം കരാറുകാരുമായി സംസാരിച്ചു. മുൻമന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളിയും ഒപ്പമുണ്ടായിരുന്നു. ശ്രീ സി സദാനന്ദൻ മാസ്റ്റർ എം പി യും മണ്ണിടിഞ്ഞ ഭാഗം സന്ദർശിച്ചു. ബിജെപി നോർത്ത് ജില്ലാ പ്രസിഡണ്ട് കെ കെ വിനോദ് കുമാറിനൊപ്പമാണ് അദ്ദേഹം സ്ഥലത്തെത്തിയത്. മണ്ണിടിച്ചിലിന്റെ കാരണം എന്താണെന്നും ആരുടെ ഭാഗത്താണ് വീഴ്ച സംഭവിച്ചത് എന്നും പരിശോധിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

RNUTVPM

******************************

## സെൻസെക്സ് + സ്വർണം

രാജ്യത്തെ ഓഹരിവിപണികൾ നഷ്ടത്തിൽ വ്യാപാരം അവസാനിപ്പിച്ചു. സെൻസെക്സ് 183 പോയിന്റ് താഴ്ന്ന് 77,473 ലും നിഫ്റ്റി 127 പോയിന്റ് താഴ്ന്ന് 24,208 ലും വ്യാപാരം അവസാനിപ്പിച്ചു.

******************************

## നിർമ്മല സീതാരാമൻ

ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന പ്രധാന സമ്പദ്‌വ്യവസ്ഥയാണ് ഇന്ത്യയെന്ന് ധനമന്ത്രി നിർമ്മല സീതാരാമൻ. സുസ്ഥിര സാമ്പത്തിക വളർച്ച, വർധിച്ചുവരുന്ന ഉപഭോഗം, വികസിച്ചുകൊണ്ടിരിക്കുന്ന മൂലധന വിപണികൾ, എണ്ണത്തിൽ കൂടുതലുള്ള യുവജനസംഖ്യ എന്നിവ രാജ്യത്തിന് വലിയ അവസരങ്ങൾ പ്രദാനം ചെയ്യുന്നു. കാനഡയിലെ ടൊറന്റോയിൽ പ്രവാസി സമൂഹത്തിലെ വ്യവസായ പ്രമുഖരെ അഭിസംബോധന ചെയ്യവെയാണ് ധനമന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്.

*

******************

*********************************************************

RNU TVPM